# പതിന്നാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3981** — **21/10/2016** ൽ മറുപടിക്ക്

## അക്രമകാരികളായ നായ്ക്കളെ ഷെൽട്ടറുകളിൽ പാർപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | സംസ്ഥാനത്ത് എത്ര തെരുവുനായ്ക്കൾ ഉണ്ടാകും എന്നാണ് കണക്കാക്കിട്ടുള്ളത്; ഇവയുടെ ആൺ-പെൺ തിരിച്ച കണക്ക് ലഭ്യമാണോ; | എ) സംസ്ഥാനത്ത് 2,68,944 തെരുവുനായ്ക്കൾ ഉള്ളതായി മൃഗസംരക്ഷണ വകുപ്പിന്റെ 2012 ലെ സെൻസസ് വ്യക്തമാക്കുന്നു. എന്നാൽ നിലവിൽ തെരുവു നായ്ക്കളുടെ എണ്ണം 3,00,332 ആയി വർദ്ധിച്ചിട്ടുള്ളതായി മൃഗസംരക്ഷണവകുപ്പിൽ നിന്ന് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നു.<br>തെരുവുനായ്ക്കളുടെ ആൺ പെൺ തിരിച്ച കണക്ക് ലഭ്യമായിട്ടില്ല. |
| ബി) | അക്രമകാരികളായ നായ്ക്കളെ വന്ധീകരിക്കുന്നതിനായിട്ടുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; | ബി) തെരുവ് നായ ശല്യം പരിഹരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. 2001-ലെ Animal Birth Control (Dogs) ചട്ടങ്ങൾ ചട്ടം 4 അനുശാസിക്കുംപ്രകാരമുള്ള ഗ്രാമ പഞ്ചായത്ത്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുക.<br>2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകരമായ പദ്ധതികൾ പ്ലാൻ ഫണ്ട്/തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്കരിക്കുക.<br>3. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/ വാക്സിനേഷൻ നടത്തുന്നതിന് വേണ്ടി അവയെ നിശ്ചിത ദിവസത്തേയ്ക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേയ്ക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.<br>4. പരിചയ സമ്പന്നരായ പട്ടിപിടിത്തക്കാരെ ഏർപ്പാട് ചെയ്യുന്നതിലേയ്ക്കായി അപ്രകാരമുള്ളവർ ലഭ്യമാകാത്ത ഗ്രാമ പഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗ സംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക. |

| | | |
|---|---|---|
| | | 5. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ, 219 എൻ വകുപ്പുകളുടെ ലംഘനമായതിനാൽ അത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.<br>6. മൃഗസംരക്ഷണ സംഘാടകരെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യിക്കുക.<br>7. 1998 ലെ കേരള പഞ്ചായത്ത് രാജ് ((പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിന് മതിയായ പരസ്യം നൽകി നടപടി ഉറപ്പുവരുത്തുക.<br>ഇതു സംബന്ധിച്ച നിർദ്ദേശം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട് |
| സി) | അക്രമകാരികളായ നായ്ക്കളെ പ്രത്യേക ഷെൽട്ടറുകളിൽ പാർപ്പിയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപടി സ്വീകരിയ്ക്കുമോ; ഇതു സംബന്ധിച്ച ഏതെങ്കിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം എന്താണ്; വ്യക്തമാക്കുമോ? | സി) സർക്കാരിന്റെ 27/08/2016 ലെ 45151/ആർ.സി3/2014/എൽ.എസ്.ജി.ഡി നമ്പർ സർക്കുലർ പ്രകാരം തെരുവ് നായ്ക്കളുടെ ആക്രമണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് താൽപര്യമുള്ള മൃഗക്ഷേമ സംഘടനകളുടെ സഹകരണത്തോടെ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനു തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിലേയ്ക്കായി അവയെ വന്ധ്യംകരിക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്ത് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് മാതൃകയാക്കി സംസ്ഥാനതലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ആയത് പ്രകാരം 834 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പദ്ധതി രൂപീകരിക്കുകയും 88,86,354/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള പുരോഗതി എല്ലാ ആഴ്ചയിലും വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ